(ബി) അസൈൻ ചെയ്ത ഡ്യൂട്ടികളുടെ കോപ്പി സഹിതം വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഡ്യൂട്ടികൾ അസൈൻ ചെയ്തിട്ടില്ലെങ്കിൽ അവ അസൈൻ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

13-11-1997-ലെ. ജി.ഒ.(എംഎസ്.)167/97/വ്യവ. നമ്പറിലെ എസ്.ആർ.ഒ 917/97 നോട്ടിഫിക്കേഷൻ പ്രകാരവും 17-11-1997-ലെ നോട്ടിഫിക്കേഷൻ നമ്പർ 10703/എം1/97-3 പ്രകാരവും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ ഡ്യൂട്ടികൾ അസൈൻ ചെയ്തിട്ടുണ്ട്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റുമാർ ജില്ലാ ആഫീസുകളിലും, ഡയറക്ടറേറ്റിലെ ധാതു പര്യവേക്ഷണ വിഭാഗത്തിലും ജോലി ചെയ്യുന്നുണ്ട്. ജില്ലാ ആഫീസിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് ജിയോളജിസ്റ്റുകൾക്ക് 1957-ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് & റഗുലേഷൻ ആക്ടും ആയതിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾക്കും അനുസൃതമായി ധാതുക്കളുടെ അനധികൃത ഖനനം, സൂക്ഷിപ്പ്, കടത്ത് എന്നിവക്കെതിരെ നടപടി സ്വീകരിക്കാനും നിയമ ലംഘനങ്ങൾക്ക് നിയമ നടപടി സ്വീകരിക്കുവാനും ധാതുക്കൾക്ക് മൂവ്മെന്റ് പെർമിറ്റ് നൽകുവാനും അധികാരം ഉണ്ട്. ധാതുക്കൾക്ക് മൂവ്മെന്റ് പെർമിറ്റ് നൽകുവാനുള്ള അധികാരം ജിയോളജിസ്റ്റിന്റെ അഭാവത്തിൽ മാത്രമേ അസിസ്റ്റന്റ് ജിയോളജിസ്റ്റ് വിനിയോഗിക്കാറുള്ളൂ. ധാതു പര്യവേഷണ വിഭാഗത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് ജിയോളജിസ്റ്റുകൾക്ക് ധാതു പര്യവേഷണ ജോലികളിൽ ഏർപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്ന ചുമതലയാണുള്ളത്. ഈ ചുമതല ഡയറക്ടർ നൽകുന്ന നിർദ്ദേശ പ്രകാരമാണ് നിർവ്വഹിക്കുന്നത്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉദിക്കുന്നില്ല.

കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലകൾ

191 (5081) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ പ്രതിവർഷം വിൽക്കുന്ന ഉൽപ്പന്നങ്ങളിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് എത്ര ശതമാനം എന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളത് എത്ര ശതമാനം എന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ഷോറൂമുകളിൽ കേരളീയരായ കൺസയിനീസ് എത്ര പേരുണ്ടെന്നും, അന്യസംസ്ഥാനക്കാർ എത്രപേർ എന്നും വ്യക്തമാക്കുമോ ;

(സി) സപ്ലൈയേഴ്സിനും, കൺസയിനീസിനുമായി എത്രതുക കുടിശ്ശിക നൽകാനുണ്ടെന്നും ഏതുവർഷം മുതൽ എന്നും വ്യക്തമാക്കുമോ ;

(ഡി) 2009-10 കാലയളവിൽ വിൽപ്പനയിനത്തിൽ കോർപ്പറേഷന് എത്ര തുക ലഭിച്ചു എന്നും ഈ തുകയിൽ കേരളത്തിൽ ഉൽപ്പാദിപ്പിച്ചു നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ട കുടിശ്ശിക എത്ര എന്നും അത് എന്നുമുതൽ വിതരണം ചെയ്യുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ പ്രതിവർഷം വിൽക്കുന്ന ഉൽപ്പന്നങ്ങളിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് 75 (എഴുപത്തിയഞ്ച്) ശതമാനവും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളത് 25 (ഇരുപത്തിയഞ്ച്) ശതമാനവുമാണ്.

(ബി) കോർപ്പറേഷന്റെ വിവിധ ഷോറൂമുകളിൽ 2010 ജൂൺ മാസത്തെ കണക്കനുസരിച്ച് കേരളീയരായ കൺസയിനീസ് 80 പേരും അന്യ സംസ്ഥാനങ്ങളിലെ കൺസയിനീസ് 53 പേരുമാണ്.

(സി) സപ്ലൈയേഴ്സിനുള്ള കുടിശ്ശിക 1,25,39,983. (2001 മുതൽ 2004 വരെ)

കൺസൈനേഴ്സ് കുടിശ്ശിക 72,30,577 രൂപ (2001 മുതൽ 2004 വരെ)

(ഡി) 2009-10-ൽ കോർപ്പറേഷന് വിൽപ്പനയിനത്തിൽ 1282.63 ലക്ഷം രൂപ ലഭിച്ചു. സപ്ലൈയേഴ്സിന് കുടിശ്ശിക നൽകാനില്ല.

ശ്രീമതി ജലജകുമാരിയുടെ പ്രൊമോഷൻ

192 (5082) ശ്രീ. ആർ സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷനിൽ ആശ്രിത നിയമന പ്രകാരം ജോലി നോക്കിവരുന്ന ശ്രീമതി ജലജകുമാരിക്ക് ആവശ്യമായ യോഗ്യത ഉണ്ടായിട്ടും പ്രൊമോഷൻ നൽകുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷനിൽ പ്രൊമോഷൻ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള ടെസ്റ്റ് നടത്താറുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം പരീക്ഷ നടത്തുന്നത് ആരാണ് ; ഇതിന് മുമ്പായി ഏതൊക്കെ തസ്തികയിലെ പ്രൊമോഷനാണ് ടെസ്റ്റ് നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) 2002-ൽ നിയമനം ലഭിച്ച ശ്രീമതി ജലജകുമാരിക്ക് നിലവിൽ ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly